**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5843** 02.07.2019 ൽ മറുപടിയ്ക്ക്

**ബാറുകൾക്ക് നിലവിലുള്ള ദൂരപരിധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.അനിൽ അക്കര | | ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | വിദ്യാലയങ്ങളിൽ നിന്നും ആരാധനാലയങ്ങളിൽ നിന്നും ബാറുകളുടെ നിലവിലുള്ള ദൂരപരിധി എത്രയാണ് എന്ന് വെളിപ്പെടുത്താമോ; | (എ) | മൂന്ന് സ്റ്റാർ ബാർ ഹോട്ടലുകളുടെ ദൂരപരിധി 200 മീറ്ററും, നാല് സ്റ്റാറും അതിനു മുകളിലുമുള്ള ഹോട്ടലുകളുടെ ദൂരപരിധി 50 മീറ്ററും ആകുന്നു. |
| (ബി) | പഞ്ചനക്ഷത്ര ഹോട്ടലുകൾ, ഹെറിറ്റേജ് ഹോട്ടലുകൾ എന്നിവയ്ക്ക് ദൂരപരിധിയിൽ ഇളവ് അനുവദിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | അബ്കാരി നിയമപ്രകാരം ഇത്തരം ഹോട്ടലുകളിലെ ബാറുകൾക്ക് 50 മീറ്റർ ദൂരപരിധിയാണ് നിലവിലുള്ളത്. |
| (സി) | കള്ള് ഷാപ്പുകൾക്ക് വിദ്യാലയങ്ങളിൽ നിന്നും ആരാധനാലയങ്ങളിൽ നിന്നും എത്ര ദൂരപരിധിയാണ് നിലവിൽ നിഷ്കർഷിച്ചിട്ടുള്ളത് എന്നറിയിക്കാമോ? | (സി) | കള്ള് ഷാപ്പുകൾക്ക് വിദ്യാലയങ്ങളിൽ നിന്നും ആരാധനാലയങ്ങളിൽ നിന്നും ദൂരപരിധി 400 മീറ്റർ ആണ്. |

സെക്ഷൻ ഓഫീസർ